"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- 2018 ലെ പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപെട്ട ശ്രീമതി മഞ്ജുളക്കു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.60/2026/DMD തീയതി,തിരുവനന്തപുരം, 29-01-2026

---

പരാമർശം:-

1. 23/08/2019 ലെ സ.ഉ(കൈ)നം 25/2019/ഡിഎംഡി
2. തൃശ്ശൂർ ജില്ലാ കളക്ടറുടെ 23/07/2022 ലെ DCTSR/5916/2020-A13 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ ശ്രീമതി മഞ്ജുളയുടെ വീട് 2018 ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്നു പോയിട്ടുള്ളതും, പുനരധിവസിപ്പിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയും അനുവദിക്കുന്നതിന് സ്ഥലം കണ്ടെത്തി ആധാരം രജിസ്റ്റർ ചെയ്തതായും, സ്ഥലം വാങ്ങുന്നതിന് ചെലവായ 5,23,125/-രൂപ (അഞ്ച് ലക്ഷത്തി ഇരുപത്തി മൂന്നായിരത്തി നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനും, ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന 4,00,000/- രൂപയിൽ (നാല് ലക്ഷം രൂപ മാത്രം), സമതലപ്രദേശത്ത് 1,80,000/- രൂപ (ഒരു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ(SDRF) നിന്നും, 2,20,000/- രൂപ (രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്നും അനുവദിക്കാമെന്നും അപേക്ഷകയുടെ നിയമാനുസൃത സമ്മതപത്രം, ആധാരത്തിന്റെ പകർപ്പ്, എന്നിവ ഉൾപ്പടെ തലപ്പിള്ളി തഹസിൽദാർ ശിപാർശ ചെയ്തിട്ടുള്ളതായും പരാമർശം (2) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 ലെ പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപെട്ട ശ്രീമതി മഞ്ജുള, സ്ഥലം കണ്ടെത്തി ആധാരം രജിസ്റ്റർ ചെയ്തു സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും, തലപ്പിള്ളി തഹസിൽദാരുടെയും തൃശ്ശൂർ ജില്ലാ കളക്ടറുടെയുടെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ, പരാമർശം 1 പ്രകാരം, അപേക്ഷകക്കു സ്ഥലം വാങ്ങുന്നതിന് ചെലവായ 5,23,125/-രൂപ (അഞ്ച് ലക്ഷത്തി ഇരുപത്തി മൂന്നായിരത്തി നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും, ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന 4,00,000/- രൂപയിൽ (നാല് ലക്ഷം രൂപ മാത്രം) സമതലപ്രദേശത്ത് 95,100/- രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ (SDRF) HoA 2245-02-101-94-F - Other Items എന്ന ശീർഷകത്തിൽ നിന്നും, 3,04,900/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ധനസഹായ വിഹിതം നൽകുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഫിനാൻസ് ഓഫിസർ, ദുരന്ത നിവാരണം
ദുരന്ത നിവാരണ (എ3) സീറ്റ്
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Vincent U
Date: 30-01-2026 11:31:55
സെക്ഷൻ ഓഫീസർ